ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**
**തിരുവനന്തപുരം**

നമ്പർ. **DTETVM/11384/2025-T2 (ACB)** തീയതി: 05-01-2026

**<u>പരിപത്രം</u>**

വിഷയം:- ആൻറിബയോട്ടിക് മരുന്നുകളുടെ ഉപയോഗത്തെ സംബന്ധിച്ച് .

സൂചന :- 04-12-2025 ലെ ആരോഗ്യ കുടുംബ ക്ഷേമ വകുപ്പിൽ നിന്നുള്ള അർദ്ധ അനൌദ്യോഗിക കത്ത് നമ്പർ :F1/343/2022-Health .

കേരള സർക്കാരിന്റെ ആരോഗ്യ കുടുംബ ക്ഷേമ വകുപ്പിൽ നിന്നുള്ള നിർദേശാനുസരണം ആൻറിബയോട്ടിക് ഉപയോഗത്തെക്കുറിച്ചുള്ള താഴെ പറയുന്ന കാര്യങ്ങൾ പാലിക്കുവാൻ വകുപ്പിൽ പ്രചാരണം നൽകുവാനും സ്ഥാപന മേധാവികൾ ശ്രദ്ധിക്കേണ്ടതാണ് .

- ഡോക്ടറുടെ നിർദ്ദേശപ്രകാരം മാത്രം ആൻറിബയോട്ടിക് ഉപയോഗിക്കുക . സ്വയം ചികിത്സ പാടില്ല .
- ബാക്ടീരിയ മൂലമുള്ള ചില രോഗങ്ങൾക്ക് മാത്രമേ ആൻറിബയോട്ടിക് മരുന്നുകൾ ആവശ്യമുള്ളൂ. പനി, ചുമ, ജലദോഷം തുടങ്ങി നമുക്കുണ്ടാകുന്ന രോഗങ്ങൾ ഭൂരിഭാഗവും വൈറസുകൾ മൂലമാണ്. അവ ഭേദമാക്കാൻ ആന്റിബയോട്ടിക്കുകൾ ഫലപ്രദമല്ല.
- ആൻറിബയോട്ടിക് മരുന്നുകൾ ദുരുപയോഗം ചെയ്യുന്നത് ഗുരുതര പ്രത്യാഘാതങ്ങൾക്കിടയാക്കും.
- ആൻറിബയോട്ടിക്കുകൾ നിർദ്ദേശിക്കണമെന്ന് ഡോക്ടറോട് ആവശ്യപ്പെടുകയോ ഡോക്ടറുടെ കുറിപ്പടിയില്ലാതെ അവ വാങ്ങിക്കഴിക്കുകയോ ചെയ്യരുത്.
- അവശേഷിക്കുന്നതോ കാലാവധി കഴിഞ്ഞതോ ആയ ആൻ്റിബയോട്ടിക്കുകൾ മണ്ണിലോ ജലാശയങ്ങളിലോ വലിച്ചെറിയരുത്. അവ സമീപത്തെ സർക്കാർ ആശുപത്രിക്കോ ഫാർമസിക്കോ കൈമാറുക.
- കോഴിവളർത്തലിലും കന്നുകാലിവളർത്തലിലും മത്സ്യകൃഷിയിലും ആൻറിബയോട്ടിക് മരുന്നുകൾ വെറ്ററിനറി ഡോക്ടറുടെ നിർദ്ദേശപ്രകാരം മാത്രം ഉപയോഗിക്കുക.
  കോഴികളുടെ വളർച്ച കൂട്ടാനായി ഒരു കാരണവശാലും ആൻ്റിബയോട്ടിക്കുകൾ ഉപയോഗിക്കരുത്.
- ആരോഗ്യകരമായ ജീവിതത്തിനു ഏറ്റവും ഉത്തമം അണുബാധകൾ തടയുകയാണ്. അതിനായി അടിക്കടി കൈകൾ സോപ്പ് ഉപയോഗിച്ച് വൃത്തിയായി കഴുകുന്നത് ശീലമാക്കുക. ലഭ്യമായ പ്രതിരോധ കുത്തിവെപ്പുകൾ കൃത്യമായി എടുക്കുക. രോഗികളുമായി അടുത്തിടപഴകുന്നത് ഒഴിവാക്കുക.

ആൻറിബയോട്ടിക് മരുന്നുകളുടെ ദുരുപയോഗം മൂലം ബാക്ടീരിയകൾ ശക്തിപ്രാപിച്ച് സൂപ്പർബഗ്ഗുകൾ ആയി മാറുകയും അവയ്ക്കെതിരെ ചികിത്സ ഫലിക്കാതാവുകയും ചെയ്യും.

ആൻറിബയോട്ടിക് ഫലിക്കാതായാൽ കാൻസർ, ക്ഷയരോഗം, ന്യൂമോണിയ എന്നീ ഗുരുതര രോഗങ്ങളുടെ ചികിത്സ മാത്രമല്ല ,ചെറിയ മുറിവിൽ നിന്നുള്ള അണുബാധ പോലും ഗുരുതരമായേക്കാം. ശസ്ത്രക്രിയകൾ അസാധ്യമാകും, പ്രസവചികിത്സകൾ ദുഷ്കരമാകും.

**ആൻറിബയോട്ടിക് മരുന്നുകൾ അമൂല്യമാണ്. അവയുടെ ഉപയോഗം അതീവശ്രദ്ധയോടെയാകണം.**

**ഈ വിഷയത്തിൽ സ്ഥാപനങ്ങളിൽ ആരോഗ്യ വകുപ്പുമായി യോജിച്ച് ബോധവൽകരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കണമെന്ന് അറിയിക്കുന്നു .പ്രചാരണ ഉപാധികളുടെ മാതൃക (IEC materials ) ഇതോടൊപ്പം ചേർക്കുന്നു.**

Signed by
Jayaprakash P
Date: 05-01-2026 12:13:48

JAYAPRAKASH P
DIRECTOR

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

# എന്താണ് ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് ?


ആന്റിബയോട്ടിക് മരുന്നുകളുടെ ദുരുപയോഗം
മൂലം ബാക്ടീരിയകൾ ശക്തിപ്രാപിച്ച്
സൂപ്പർബഗ്ഗുകൾ ആയി മാറുകയും അവയ്ക്കെതിരെ
ചികിത്സ ഫലിക്കാതാവുകയും ചെയ്യും.

ആന്റിബയോട്ടിക് ഫലിക്കാതായാൽ
കാൻസർ, ക്ഷയരോഗം, ന്യൂമോണിയ
എന്നീ ഗുരുതര രോഗങ്ങളുടെ ചികിത്സ മാത്രമല്ല,

**ചെറിയ മുറിവിൽ നിന്നുള്ള അണുബാധ
പോലും ഗുരുതരമായേക്കാം.
ശസ്ത്രക്രിയകൾ അസാധ്യമാകും,
പ്രസവചികിത്സകൾ ദുഷ്കരമാകും.**

**ആന്റിബയോട്ടിക് മരുന്നുകൾ അമൂല്യമാണ്
അവയുടെ ഉപയോഗം അതീവശ്രദ്ധയോടെയാകണം.**

എന്റെ കേരളം
ആന്റിബയോട്ടിക് സാക്ഷര കേരളം



Kerala.HEALTH

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
കേരള സർക്കാർ

ആന്റിബയോട്ടിക് സാക്ഷരതയ്ക്കായി

# 10 കൽപ്പനകൾ


1

# ആന്റിബയോട്ടിക്

## അരുത് ദുരുപയോഗം
## അരുത് അമിത ഉപയോഗം
## അരുത് സ്വയം ചികിത്സ

## ആന്റിബയോട്ടിക് ഉപയോഗം
## ഡോക്ടറുടെ നിർദ്ദേശപ്രകാരം മാത്രം

എന്റെ കേരളം
ആന്റിബയോട്ടിക് സാക്ഷര കേരളം



Kerala.HEALTH

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
കേരള സർക്കാർ

ആന്റിബയോട്ടിക് സാക്ഷരതയ്ക്കായി

# 10 കൽപ്പനകൾ

## 2

## ബാക്റ്റീരിയ മൂലമുള്ള ചില രോഗങ്ങൾക്ക് മാത്രമേ ആന്റിബയോട്ടിക് മരുന്നുകൾ ആവശ്യമുള്ളൂ.

**പനി, ചുമ, ജലദോഷം തുടങ്ങി നമുക്കുണ്ടാകുന്ന രോഗങ്ങൾ ഭൂരിഭാഗവും വൈറസുകൾ മൂലമാണ്.**
അവ ഭേദമാക്കാൻ ആന്റിബയോട്ടിക്കുകൾ ഫലപ്രദമല്ല.

## ആന്റിബയോട്ടിക് ഉപയോഗം ഡോക്ടറുടെ നിർദ്ദേശപ്രകാരം മാത്രം

എന്റെ കേരളം
ആന്റിബയോട്ടിക് സാക്ഷര കേരളം



Kerala.HEALTH

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
കേരള സർക്കാർ

ആന്റിബയോട്ടിക് സാക്ഷരതയ്ക്കായി


# 10 കൽപ്പനകൾ

3

## ആന്റിബയോട്ടിക് മരുന്നുകൾ ദുരുപയോഗം ചെയ്യുന്നത് ഗുരുതര പ്രത്യാഘാതങ്ങൾക്കിടയാക്കും

### ആന്റിബയോട്ടിക് ഉപയോഗം ഡോക്ടറുടെ നിർദ്ദേശപ്രകാരം മാത്രം

എന്റെ കേരളം
ആന്റിബയോട്ടിക് സാക്ഷര കേരളം



Kerala.HEALTH

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
കേരള സർക്കാർ


ആന്റിബയോട്ടിക് സാക്ഷരതയ്ക്കായി

# 10 കൽപ്പനകൾ

## 4

# ആന്റിബയോട്ടിക്കുകൾ നിർദ്ദേശിക്കണമെന്ന് ഡോക്ടറോട് ആവശ്യപ്പെടുകയോ ഡോക്ടറുടെ കുറിപ്പടിയില്ലാതെ അവ വാങ്ങിക്കഴിക്കുകയോ ചെയ്യരുത്

എന്റെ കേരളം
ആന്റിബയോട്ടിക് സാക്ഷര കേരളം



Kerala.HEALTH

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
കേരള സർക്കാർ


ആന്റിബയോട്ടിക് സാക്ഷരതയ്ക്കായി

# 10 കൽപ്പനകൾ

## 5

# ചികിത്സയ്ക്ക് ശേഷം അവശേഷിക്കുന്ന ആന്റിബയോട്ടിക്കുകൾ പിന്നീട് വീണ്ടും ഉപയോഗിക്കരുത്.

എന്റെ കേരളം
ആന്റിബയോട്ടിക് സാക്ഷര കേരളം



Kerala.HEALTH

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
കേരള സർക്കാർ


ആന്റിബയോട്ടിക് സാക്ഷരതയ്ക്കായി

# 10 കൽപ്പനകൾ

## 6

## അവശേഷിക്കുന്നതോ കാലാവധി കഴിഞ്ഞതോ ആയ ആന്റിബയോട്ടിക്കുകൾ മണ്ണിലോ ജലാശയങ്ങളിലോ വലിച്ചെറിയരുത്. അവ സമീപത്തെ സർക്കാർ ആശുപത്രിക്കോ ഫാർമസിക്കോ കൈമാറുക.

എന്റെ കേരളം
ആന്റിബയോട്ടിക് സാക്ഷര കേരളം



Kerala.HEALTH

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
കേരള സർക്കാർ


ആന്റിബയോട്ടിക് സാക്ഷരതയ്ക്കായി

# 10 കൽപ്പനകൾ

9

## കോഴിവളർത്തലിലും കന്നുകാലിവളർത്തലിലും മത്സ്യകൃഷിയിലും ആന്റിബയോട്ടിക് മരുന്നുകൾ വെറ്ററിനറി ഡോക്ടറുടെ നിർദ്ദേശപ്രകാരം മാത്രം ഉപയോഗിക്കുക. കോഴികളുടെ വളർച്ചകൂട്ടാനായി ഒരു കാരണവശാലും ആന്റിബയോട്ടിക്കുകൾ ഉപയോഗിക്കരുത്.

എന്റെ കേരളം
ആന്റിബയോട്ടിക് സാക്ഷര കേരളം




ആന്റിബയോട്ടിക് സാക്ഷരതയ്ക്കായി

# 10 കൽപ്പനകൾ

## 10

**ആരോഗ്യകരമായ ജീവിതത്തിനു ഏറ്റവും ഉത്തമം അണുബാധകൾ തടയുകയാണ്. അതിനായി അടിക്കടി കൈകൾ സോപ്പ് ഉപയോഗിച്ച് വൃത്തിയായി കഴുകുന്നത് ശീലമാക്കുക. ലഭ്യമായ പ്രതിരോധ കുത്തിവെപ്പുകൾ കൃത്യമായി എടുക്കുക. രോഗികളുമായി അടുത്തിടപഴകുന്നത് ഒഴിവാക്കുക**

എന്റെ കേരളം
ആന്റിബയോട്ടിക് സാക്ഷര കേരളം



Kerala.HEALTH

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
കേരള സർക്കാർ